ഹിൽഹൈവേയുടെ അലൈൻമെന്റ്

*16 [120] *ശ്രീ. പി. ടി. തോമസ്:*

,, *കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽഹൈവേയുടെ അലൈൻമെന്റ് തീരുമാനിച്ചുവോ; അതിന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലിരിക്കുന്നു;

(ബി) ഏതെല്ലാം കേന്ദ്രങ്ങളിൽനിന്നാണ് ഇതിന്റെ പണി ആരംഭിക്കുന്നത്;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്?

മരാമത്ത് വകുപ്പുമന്ത്രി *(ഡോ. എം. കെ. മുനീർ):*

(എ) & (ബി) ഹിൽഹൈവേയുടെ കാസർഗോഡു മുതൽ പാറക്കാടു വരെയുള്ള ഒന്നാം ഘട്ടത്തിന്റെ അലൈൻമെന്റ് തീരുമാനിച്ചുവെങ്കിലും ബന്ധപ്പെട്ട എം. എൽ. എ.മാരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്ത് അലൈൻമെന്റിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു. കണ്ണൂർ ജില്ലയിലെ പുറഞ്ഞാൽ-ചെമ്പേരി-പൂപ്പറമ്പ-വെമ്പുവ-പയ്യാവൂർ റോഡ് കി. മീ 0 മുതൽ 10/450 വരെയുള്ള ഭാഗത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

(സി) അലൈൻമെന്റിനെ സംബന്ധിച്ച അന്തിമതീരുമാനം ഉണ്ടാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും മാത്രമേ ബാക്കിയുള്ള പണി ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും സാധിക്കുകയുള്ളൂ.

ഡീംഡ് യൂണിവേഴ്സിറ്റികൾ

*17 [121] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഡീംഡ് യൂണിവേഴ്സിറ്റികൾ ഉണ്ട്; അവ ഏതെല്ലാം;

(ബി) ഡീംഡ് യൂണിവേഴ്സിറ്റി പദവി ലഭിക്കുന്നതിനായി സംസ്ഥാനത്തുള്ള ഏതെല്ലാം സർവ്വകലാശാലകൾ 2003-2004, 2004-2005 എന്നീ വർഷങ്ങളിൽ യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷന് അപേക്ഷ സമർപ്പിച്ചിരുന്നു;

(സി) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഡീംഡ് യൂണിവേഴ്സിറ്റി പദവി നൽകുന്നതിനുമുൻപായി സംസ്ഥാന ഗവൺമെന്റുമായോ, ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുമായോ യു. ജി. സി. ആലോചിക്കാറുണ്ടോ;

(ഡി) 2003-2004, 2004-2005 എന്നീ വർഷങ്ങളിൽ ഡീംഡ് യൂണിവേഴ്സിറ്റി പദവിക്ക് അപേക്ഷിച്ച സ്ഥാപനത്തിന് കൊടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

GPM. 2/574/2012—7

LIBRARY ARCHIVES Kerala Legislative Assembly